# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 807 — 9/08/2017-ൽ മറുപടിയ്ക്ക്

## പരിസ്ഥിതി ദിനത്തിൽ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>" അൻവർ സാദത്ത്<br>" ഹൈബി ഈഡൻ<br>" വി.ഡി.സതീശൻ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു കോടി വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ച പദ്ധതി പ്രകാരം ഏതൊക്കെ വൃക്ഷത്തൈകളാണ് വിതരണം ചെയ്തതെന്ന് വെളിപ്പെടുത്തുമോ; | എ) ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് 72.05 ലക്ഷം തൈകളാണ് ഉൽപാദിപ്പിച്ചത്. അവയിൽ ഫല വൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, പൂമരങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ട തൈകൾ ഉൾപ്പെടുന്നു. അവയിൽ പ്രധാനപ്പെട്ട വൃക്ഷത്തൈകൾ ആര്യവേപ്പ്, സീതാപ്പഴം, പേര, കണിക്കൊന്ന , മന്ദാരം, മുള, കശുമാവ്, അഗസ്ത്യചീര, ഗുൽമോഹർ, പ്ലാവ്, പുളി, നെല്ലി, മഹാഗണി, ചന്ദനം, ലക്ഷ്മിതരു, നീർമരുത്, ഉങ്ങ്, കറിവേപ്പ്, ഇലഞ്ഞി, പൂവരശ്, ചമത, വേങ്ങ, കൂവളം, മാതളം, റമ്പൂട്ടാൻ, നാരകം, സപ്പോട്ട, ബദാം, കുടമ്പുളി, ഞാവൽ, രാമപ്പഴം, പാരിജാതം, ആഞ്ഞിലി, ലെക്കോട്ട, മൈല, വെള്ളകിൽ, അശോകം, പലകപ്പയ്യാനി, കാട്ടുജാതി, മരമുള, മഞ്ചാടി, ജക്രാന്ത, തേക്ക് എന്നിവയാണ്. |
| ബി) ഈ പദ്ധതിക്കായി എന്തു തുക ചെലവഴിച്ചു; | (ബി) ഈ പദ്ധതിക്കായി നടപ്പുവർഷം 734.30 ലക്ഷം രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്. |
| സി) കഴിഞ്ഞ വർഷം ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളിൽ എത്ര ശതമാനം നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) കഴിഞ്ഞ വർഷം ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളിൽ 64% അതിജീവിച്ചിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ